# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/160/2018 2018 ജൂലൈ 24

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

ജൂലൈ 25, 27 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് & സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 1, 3 തീയതികളിലേക്ക് മാറ്റിവച്ചു. മറ്റു പരീക്ഷകൾക്കും സമയത്തിനും മാറ്റമില്ല.

കോളേജ് യൂണിയൻ ഇലക്ഷൻ പ്രമാണിച്ച് ആഗസ്റ്റ് 13, 14, 16, 17 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.സി.എ. (എം.സി.എ. 306 ജാവ - പ്രോഗ്രാമിംഗ് ലാബ് & എം.സി.എ. 307 ഡിബിഎംഎസ് ലാബ്) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഇന്ന് (ജൂലൈ 25) മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവാവോസി

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (റഗുലർ) മെയ്/ജൂൺ 2018 പരീക്ഷയുടെ വൈവാവോസി ജൂലൈ 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2015 അഡ്മിഷൻ ഓൺവാഡ്സ്-റഗുലർ/സപ്ലിമെന്ററി) ഏപ്രിൽ 2018 പരീക്ഷയുടെ വൈവാവോസി ജൂലൈ 31 മുതൽ ആഗസ്റ്റ് 2 വരെ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽവച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിസിസിന്റെ രണ്ട് കോപ്പിയുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി.ജി. പ്രവേശനം ജൂലൈ 30ന്

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിലെ 2018-19 അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ റാങ്ക് ലിസ്റ്റ് അനുസരിച്ചുള്ള പ്രവേശനം ജൂലൈ 30ന് രാവിലെ 10ന് സ്കൂൾ ഓഫ് ബയോസയൻസസിൽവച്ച് നടത്തും. യോഗ്യരായ വിദ്യാർത്ഥികൾക്ക് ഇമെയിൽ, തപാൽ വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ: 0481 2731035.

### പരീക്ഷാഫലം

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 6 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 6 വരെ അപേക്ഷിക്കാം.

2018 മാർച്ച് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/അപ്ലൈഡ് സയൻസ് (ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 4 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. വീണ, വയലിൻ, മോഹിനിയാട്ടം, ഭരതനാട്യം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 6 വരെ അപേക്ഷിക്കാം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2018 പ്രവേശനത്തിന് എം.എസ്.സി. കെമിസ്ട്രിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 27ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 0481 - 2731036.

കെ.എൻ. രാജ് സെന്ററിൽ 2018-19 അദ്ധ്യയന വർഷത്തിൽ എം.എ. ഇക്കണോമിക്സിൽ എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി ജൂലൈ 26ന് 10 മണിക്ക് ഹാജരാകണം.

**ദ്വിദിന ശില്പശാല ആഗസ്റ്റ് 4 മുതൽ 5 വരെ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിന്റെ ആഭിമുഖ്യത്തിൽ സ്പെൽ ലേണിംഗ് സപ്പോർട്ട് സെന്ററിന്റെ സഹകരണത്തോടെ 'വിദ്യാർത്ഥികളിലെ പഠനപ്രശ്നം, പഠനവൈകല്യം എന്നിവ തിരിച്ചറിയലും പരിഹാരബോധനവും' എന്ന വിഷയത്തിൽ ആഗസ്റ്റ് 4, 5 തീയതികളിൽ ദ്വിദിന ശില്പശാല നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 9747871570, 8304887715.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**